കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

### ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

**e-mail : doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം: കെ.എസ്.എ/കെ.എസ്.ഡി.7/137/2020.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് - 671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499 4256690.


തീയ്യതി: 13-02-2020.

ഡെപ്യൂട്ടി ഡയറക്ടർ ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് ,
(സെക്രട്ടറി മുഖേന)
കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ /കെ.എസ്.ഡി.7/137/2020. തീയതി: 13-02-2020.

# <u>കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 09-12-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2018മുതൽ 31-03-2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 10 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഉണ്ണി പി കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-11-2019 മുതൽ 03-12-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | (1) ലോകേശ ആചാരി ബി<br>(ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേഡ്)<br>(2) വിനോദ് കുമാർ വി<br>(അസി ഓഡിറ്റ് ഓഫീസർ)<br>(3) യാദവ കുമാർ സി എച്ച്<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(4) ബാബു എം<br>(അസി ഓഡിറ്റ് ഓഫീസർ)<br>(4) ജനാർദ്ദനൻ സി<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ) |

## (ബി) നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | പേര് | കാലാവധി | |
|---|---|---|---|
| | | മുതൽ | വരെ |
| | ശ്രീമതി ലിസ്സി പി ജെ | 01-04-2018 | 31-03-2019 |
| സെക്രട്ടറി | ഭാസ്കരൻ കെ | 01-04-2018 | 31-03-2019 |

## നിർവ്വഹണ ഉദ്യോഗസ്ഥൻമാർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | രേഷ്മ കെ സി | 01-04-2018 | 31-03-2019 |
| വെറ്റിനറി സർജ്ജൻ | കെ ജെ ബിജു | 01-04-2018 | 31-03-2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശാലിനി കെ | 01-04-2018 | 31-03-2019 |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ അമൂല്യ എം ടി | 01-04-2018 | 31-03-2019 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ കെ ജി ധനേഷ് | 01-04-2018 | 31-03-2019 |
| മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | ഡോ ലേഖ ഡി എസ് | 01-04-2018 | 31-03-2019 |
| വി.ഇ.ഒ കുറ്റിക്കോൽ | അനീഷ് ടി | 01-04-2018 | 31-03-2019 |
| വി.ഇ.ഒ ബന്തടുക്ക | അച്ച്യുതൻ എം എം | 01-04-2018 | 31-03-2019 |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ഷിജി എൻ<br>അഭിനിത എം | 01-04-2018<br>02-11-2018 | 01-11-2018<br>31-03-2019 |
| ഹെഡ്മാസ്റ്റർ ജി എൽ പി എസ് തവനത്ത് | ഷൗജത്ത് വി പി<br>ജോർജ്കുട്ടി ജോസഫ് | 01-04-2018<br>27-07-2018 | 26-07-2018<br>31-03-2019 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എൻജിനിയർ | തുളസീധരൻ എൻ ടി<br>സുമിഷ കെ കെ | 01-04-2018<br>23-06-2018 | 22-06-2018<br>31-03-2019 |
| അസിസ്റ്റന്റ് സെക്രട്ടറി | സോണി മാത്യു | 01-04-2018 | 31-03-2019 |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം – 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾക്ക് തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| 13 | തനത് വരുമാനം | 1-13 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല | 1-15 |
| 16 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-16 |
| 17 | 2016-17, 2017-18 വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയത്- തുകകൾ ക്രമീകരിക്കാൻ ബാക്കി | 1-17 |
| 18 | ഡി & ഒ ഭേദഗതി പുറപ്പെടുവിച്ച പ്രകാരം ഫീസ് ഈടാക്കേണ്ടതാണ് | 1-18 |
| 19 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ | 1-19 |

| | | |
|---|---|---|
| 20 | എൽ എസ് ജി ഡി ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറിന് നീതീകരിക്കാനാകാത്ത നിരക്ക് | 1-20 |
| 21 | പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല | 1-21 |
| 22 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തി യിട്ടില്ല. | 1-22 |
| 23 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം-ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം കരസ്ഥമാക്കിയിട്ടില്ല. | 1-23 |
| 24 | എസ് എസ് എ പദ്ധതി സംബന്ധിച്ച് | 1-24 |
| 25 | ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുന്നില്ല. | 1-25 |
| 26 | ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാകിയിട്ടില്ല | 1-26 |
| 27 | എസ്.എസ് എ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാകിയിട്ടില്ല. | 1-27 |
| 28 | പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നില്ല. | 1-28 |
| 29 | തുടർ സാക്ഷരത പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-29 |
| 30 | അങ്കണവാടി കേട്ടിട നിർമ്മാണം-പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-30 |
| 31 | പഞ്ചായത്തിന് വാഹനം വാങ്ങൽ-അപാകതകൾ | 1-31 |
| 32 | TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ് | 1-32 |
| 33 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- അപാകതകൾ | 1-33 |
| 34 | കറവപ്പശു വളർത്തൽ പദ്ധതി( വനിത) കരാർപ്പത്രം പൂർണ്ണമല്ല. | 1-34 |
| 35 | ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന | 1-35 |
| 36 | സ്കൂളുകളിൽ പ്രഭാത ഭക്ഷണത്തിനുള്ള പദ്ധതി-രേഖകൾ സൂക്ഷിക്കുന്നതിലെ പോരായ്മകൾ- | 1-36 |
| 37 | പഠിതാക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം- | 1-37 |
| 38 | TR7Aക്യാഷ് ബുക് സൂക്ഷിച്ചിട്ടില്ല- | 1-38 |
| | **ഭാഗം 2**<br>**വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3**<br>**ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 39 | പഞ്ചായത്തിന് വാഹനം വാങ്ങൽ-അപാകതകൾ | 3-1 |
| | **ഭാഗം 4**<br>**ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം** | |

| | | |
|---|---|---|
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 43 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപം | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 51 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 52 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 53 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27-03-2018 തീയതിയിലെ 14/1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 2,20,61,508 |
| പ്രതീക്ഷിത വരവ് | 28,43,78,950 |
| ആകെ | 30,64,40,458 |
| പ്രതീക്ഷിത ചെലവ് | 30,12,08,807 |
| നീക്കിയിരിപ്പ് | 52,31,651 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 01-06-2019 | ഇല്ല | ഇല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 28-06-2019 മുതൽ 29-06-2019 വരെ | നം.കെ.എസ്.എ/ കെ.എസ്.ഡി 3/428/2019 തീയതി 07-08-2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,11,01,060 |
| വരവ് | 11,56,78,233 |
| ആകെ | 13,67,79,293 |
| ചെലവ് | 9,52,20,896 |
| നീക്കിയിരിപ്പ് | 4,15,58,397 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 2,04,11,757 | 2,04,11,757 | 2,04,11,757 | 0 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | 0 | 4,20,000 | 4,20,000 | 4,20,000 | 0 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 0 | 1,23,36,000 | 1,23,36,000 | 1,23,36,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 1,15,31,092 | 1,15,31,092 | 94,03,000 | 21,28,092 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 1,08,24,000 | 21430754 | 1,08,24,000 | 0 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | | 0 | 41,95,000 | 41,95,000 | 30,29,972 | 11,65,028 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 3,57,73,807 | 3,57,73,807 | 3,57,73,807 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2,775 | 8,05,212 | 8,07,987 | 7,89,117 | 18,870 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 0 | 66,22,565 | 66,22,565 | 7,38,536 | 58,84,029 |
| | ICDS | 12,44,946 | 6,51,925 | 18,96,871 | 5,98,430 | 12,98,441 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ശുചിത്വമിഷൻ ഫണ്ട് | 2,66,847 | 17,65,176 | 20,32,023 | 4,00,420 | 16,31,603 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 34,64,630 | 34,64,630 | 34,64,130 | 500 |
| | ജില്ലാ പഞ്ചായത്ത് | 0 | 24,42,741 | 24,42,741 | 23,42.697 | 1,00,044 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 2,10,000 | 2,10,000 | 2,10,000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 35,000 | 35,000 | 35,000 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 2,88,05,100 | 2,88,05,100 | 2,88,05,100 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | 0 | 38,60,600 | 38,60,600 | 38,60,600 | 0 |
| | വിധവാ പെൻഷൻ | 0 | 1,92,91,100 | 1,92,91,100 | 1,92,91,100 | 0 |
| | അവിവാഹിത പെൻഷൻ | 0 | 8,25,100 | 8,25,100 | 8,25,100 | 0 |
| | വികലാംഗ | 0 | 69,21,500 | 69,21,500 | 69,21,500 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | പെൻഷൻ | | | | | |
| | തൊഴിലില്ലായ്മ വേതനം | 0 | 8,640 | 8,640 | 8,640 | 0 |
| മറ്റിനം | ഗുണഭോക്തൃ വിഹിതം | 0 | 39,65,000 | 39,65,000 | 39,65,000 | 0 |

# 1-6 പദ്ധതി അവലോകനം

**ആസൂത്രണ സമിതി**

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾഎന്നിവ ജി.ഒ.(എം.എസ്.) നം. 72/2017 ത. സ്വ. ഭ. വ. തീയതി 29/3/2017 & ജി.ഒ.(എം.എസ്.) നം 10/2017 ത.സ്വ. ഭ. വ. തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്. ആസൂത്രണ സമിതി 2-2-2018 തീയതി യോഗം ചേർന്നിട്ടുണ്ട്. 2018-19 വർഷത്തിൽ യോഗം ചേർന്നിട്ടില്ല. വികസന സെമിനാർ 12-03-2018 തീയതി നടത്തിയിട്ടുണ്ട്. ഹാജറായവരുടെ എണ്ണം 185. വികസനരേഖ അച്ചടിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനുവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യം, വികസനം,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്

**വർക്കിംഗ് ഗ്രൂപ്പുകൾ**

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽക്കേണ്ടതാൺ. പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്.

**മോണിറ്ററിംഗ്**

പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി

രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

**2018-19 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ**

2018-19 വർഷത്തിൽ മൊത്തം 235 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം അടങ്കൽ തുക 15,48,26,827 രൂപ. എന്നാൽ 128 പദ്ധതികൾ മാത്രമേ നിർവ്വഹണം നടത്തിയിട്ടുള്ളൂ. മൊത്തം പദ്ധതി ചെലവ് 8,29,67,656 രൂപ മാത്രമാണ്. മൊത്തം അടങ്കലിന്റെ 54 ശതമാനം മാത്രമാണ് ചെലവ് ചെയ്തത്.

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാ |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 235 | 15,48,26,827 | 148 | 8,29,67,656 | - | 87 | - |

**നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 12 | 37,95,819 | 12 | 36,45,061 | 96.02 |
| 2 | വെറ്ററിനറി സർജൻ | 11 | 53,89,200 | 11 | 39,96,631 | 74.16 |
| 3 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 25,69,421 | 1 | 25,69,421 | 100 |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1 | 8,00,000 | 1 | 7,04,007 | 88 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ | 1 | 5,00,000 | 1 | 5,00,000 | 100 |
| 6 | മെഡിക്കൽഓഫീസർ-ഹോമിയോ | 2 | 2,75,000 | 2 | 2,75,000 | 100 |
| 7 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 16 | 6,27,11,600 | 15 | 2,69,49,111 | 42.97 |
| 8 | ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 62,04,085 | 10 | 52,20,999 | 84.15 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 9 | ഹെഡ്മാസ്റ്റർ | 17 | 39,57,051 | 9 | 28,53,706 | 72.11 |
| 10 | സെക്രട്ടറി | 24 | 93,43,216 | 13 | 62,66,716 | 67.07 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 73,84,598 | 4 | 52,78,081 | 71.47 |
| 12 | അസിസ്റ്റന്റ് എഞ്ചിനിയർ | 132 | 5,18,96,837 | 69 | 2,47,08,923 | 47.61 |
| | **ആകെ** | **235** | **15,48,26,827** | **148** | **8,29,67,656** | **63%** |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 0 | 3,57,73,807 | 3,57,73,807 | 3,57,73,807 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 2,775 | 8,05,212 | 8,07,987 | 7,89,117 | 18,870 |
| ആകെ | 2,775 | 3,65,79,019 | 3,65,81,794 | 3,65,62,924 | 18,870 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2018-19 | തൊഴിൽ രഹിത വേതനം | 8,640 | 9 |
| | കർഷകതൊഴിലാളി പെൻഷൻ | 38,60,600 | 218 |
| | വിധവാ പെൻഷൻ | 1,92,91,100 | 1,138 |
| | വാർദ്ധക്യകാല പെൻഷൻ | 2,88,05,100 | 1,920 |
| | വികലാംഗ പെൻഷൻ | 69,21,500 | 394 |
| | അവിവാഹിത പെൻഷൻ | 8,25,100 | 50 |
| | വിവാഹ ധനസഹായം | 2,10,000 | 7 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-12-2019ന് 3PMമണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48,746രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

**ആസ്തികളുടെ പരിപാലനം-**

പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണ്ണമാണ് . ആയതിന്റെ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻ്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-** ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ അപൂർണമാണ്. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിട്ടുണ്ട്. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ഡി സി ബി ഇനങ്ങളുടെ റജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. എല്ലാ രജിസ്റ്ററുകളും അപൂർണമാണ്.പ്രോക്യൂർമെന്റ് കമ്മറ്റി മിനുട്ടസ് കൃത്യമായി എഴുതിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ 01-04-2018 മുതൽ 31-08-2019 വരെ എഴുതിയിട്ടില്ല.ആസ്സി രജിസ്റ്റർ പൂർണ്ണമല്ല. രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

**മറ്റ് പ്രസക്തമായവ-** പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻ്റിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 20-03-2012 | 2007-08 | ലഭ്യമാക്കിയിട്ടില്ല |
| പെർഫോമെൻസ് ഓഡിറ്റ് | 10-12-2019 | 01-06-2019 മുതൽ 30-11-2019 വരെ | ലഭിച്ചിട്ടില്ല |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

**കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകളിൽ ആസ്തി രജിസ്റ്റർ സംബന്ധിച്ചുള്ള അപാകതകൾ ഒഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട്.

2. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

3. റീക്കൺസിലിയേഷൻ- 450250110- ട്രഷറി സേവിങ്സ് ബാങ്ക്- തനതു ഫണ്ട്-

എ) 31.03.2019 ലെ റീക്കൺസിലിയേഷൻ തെറ്റാണ്.

ബി) 16.01.2019 ലെ 67275251 ാം നമ്പർ ചെക്ക് മുഖേന ചെലവഴിച്ച 4,51,632 രൂപ ബാങ്ക് ബുക്കിൽ ചേർത്തു കാണുന്നില്ല.

സി) 29.11.2018 ൽ ട്രാൻസ്ഫർ ക്രഡിറ്റ് ആയി ലഭിച്ച 22,500 രൂപ ബാങ്ക് ബുക്കിൽ ചേർത്തു കാണുന്നില്ല.

ഡി) 05.02.2019 ൽ ട്രാൻസ്ഫർ ക്രഡിറ്റ് ആയി ലഭിച്ച 17,250 രൂപ ബാങ്ക് ബുക്കിൽ ചേർത്തു കാണുന്നില്ല.

ഇ) ചെക്ക് നം 7872256/22.01.2019 പ്രകാരം പിൻവലിച്ചത് 9,000 രൂപയാണ്, എന്നാൽ പേമെന്റ് വൗച്ചർ നം 21800549 ൽ ഈ തുക 90,000 ആണ് ചേർത്തു കാണുന്നത്.

എഫ്) ചെക്ക് നം 7872247/01.12.2018 പ്രകാരം ചെലവഴിച്ചത് 4,80,676 രൂപയാണ്. എന്നാൽ ബാങ്ക് ബുക്കിൽ ഈ ചെക്ക് പ്രകാരം 4,79,976 രൂപയുടെ ചെലവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

4. റീക്കൺസിലിയേഷൻ- 450650109-ട്രഷറിയിലെ ജോയിന്റ് വെഞ്ചർ അക്കൗണ്ട്-

എ) ചെക്ക് നം 0768972/29.03.2019, തുക 8,51,640 രൂപ- ഈ ചെക്ക് ക്യാൻസൽ ചെയ്ത ചെക്കാണ്. എന്നാൽ ഇത് 31.03.2019 ൽ അൺ ക്യാഷ്ഡ് ചെക്ക് ആയി കാണിച്ചിരിക്കുന്നു. 29.03.2019 ലെ 21800709 നമ്പർ പേമെന്റ് വൗച്ചർ വൗച്ചർ പ്രകാരമുള്ള ചെലവ് ക്രമപ്പെടുത്തിയിട്ടില്ല.

ബി) ഈ അക്കൗണ്ടിൽ നിക്ഷേപിക്കാത്ത പ്രത്യേക ഉദ്ദേശ ഫണ്ടുകൾക്കായി ഈ അക്കൗണ്ടിൽ നിന്നും ചെലവ് നടത്തിയിട്ടുണ്ട്. ഉദാഹരണം വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതിക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം 1,25,500 രൂപ നിക്ഷേപിച്ചത് ട്രഷറിയിലെ തനതു ഫണ്ട് അക്കൗണ്ടിലാണ്. എന്നാൽ ഈ പദ്ധതിക്കായി ട്രഷറിയിലെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്ന് 1,50,000 രൂപ ചെലവു ചെയ്തിട്ടുണ്ട്.

5. റീക്കൺസിലിയേഷൻ- കുറ്റിക്കോൽ സർവീസ് സഹകരണ ബാങ്ക് തനതു ഫണ്ട് അക്കൗണ്ട്-

എ) 31.03.2019 ലെ റീക്കൺസിലിയേഷനിൽ Directly credited by bank എന്ന വിവരണത്തോടു കൂടി 1,29,164, 2,04,512 എന്നീ തുകകൾ ചേർത്തിട്ടുണ്ട്. എന്നാൽ ഈ തുകകൾ ബാങ്ക് അക്കൗണ്ടിൽ 2018-19 ൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

ബി) 31.03.2019 ലെ ക്യാഷ് നീക്കിയിരിപ്പ് 5,21,314 രൂപയാണ്. എന്നാൽ 01/04/2019 ൽ Remittance of JSK എന്ന വിവരണത്തോടു കൂടി 3,33,676 രൂപയാണ് കാണിച്ചിട്ടുള്ളത്.

6. റീക്കൺസിലിയേഷൻ- 450610103- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ- ഫണ്ട് അക്കൗണ്ട്-

എ) 31.03.2019 ലെ റീക്കൺസിലിയേഷൻ തെറ്റാണ്.

ബി) ചെക്ക് നം 595821/01.01.2018 പ്രകാരം 77,000 രൂപ cheques deposited but not collected എന്ന കണക്കിൽ പെടുത്തിയിരിക്കുന്നു. ഈ ചെക്കിന്റെ യഥാർത്ഥ തുക 2,70,514 രൂപയാണ്. ഇത് 01.01.2019 ന് ക്യാഷ് ആയിട്ടുണ്ട്.

7. റീക്കൺസിലിയേഷൻ- 450410101-- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ- എം.പി.ഫണ്ട്-

എ) റീക്കൺസിലിയേഷൻ തെറ്റാണ്.

ബി) 31.03.2019 ലെ 118020900081 നമ്പർ രശീതി പ്രകാരം 3,338 രൂപ prior period income എന്ന ഹെഡിൽ വരവ് കാണിച്ചിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾലഭ്യമാക്കിയിട്ടില്ല.

സി) പാസ് ബുക്ക് പ്രകാരം 31.03.2015 ന് 6,000 രൂപ പേമെന്റ് ഉണ്ട്. എന്നാൽ ഈ തുക ബാങ്ക് ബുക്കിലോ റീക്കൺസിലിയേഷനിലോ ഇടം പിടിച്ചിട്ടില്ല.

8. റീക്കൺസിലിയേഷൻ- 450610102-യൂണിയൻ ബാങ്ക് -2821

എ) പാസ് ബുക്ക് 07.04.2018 വരെ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 31.03.2019 ൽ പലിശ വരവ് ഇനത്തിൽ 2,569 രൂപ വരവു ചേർത്തിട്ടുണ്ട്. എന്നാൽ പാസ് ബുക്കിൽ രേഖപ്പെടുത്താതെ പലിശ എത്രയെന്ന് രേഖപ്പെടുത്തിയതെങ്ങനെയെന്ന് വ്യക്തമല്ല.

9. റീക്കൺസിലിയേഷൻ- 450620102-കേരള ഗ്രാമീൺ ബാങ്ക് -തൊഴിലുറപ്പ്

ഈ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ 30/06/2018 മാത്രമേ നടത്തിയിട്ടുള്ളൂ.

10. റീക്കൺസിലിയേഷൻ- 450630101-കുറ്റിക്കോൽ സർവീസ് സഹകരണ ബാങ്ക്-2870- സാക്ഷരത

ഈ അക്കൗണ്ടിന്റെ പാസ് ബുക്ക് കാലികമല്ല.

11. വികസന ഫണ്ട് (എസ്.സി.പി) ചെലവിന്റെ കണക്കുകളിൽ വ്യത്യാസം കാണുന്നു.

| അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|
| 4,20,000 | 4,07,936 | 4,07,939 |

12. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് കണക്കുകളിൽ വ്യത്യാസം കാണുന്നു.

| | | |
|---|---|---|

| അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|
| 94,03,000 | 94,03,000 | 88,90,000 |
| | | |

13. ജനറൽ പർപ്പസ് ഫണ്ടിന്റെ വരവ് കണക്കിൽ വ്യത്യാസം കാണുന്നു.

| അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് | ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | ധനകാര്യ പത്രിക പ്രകാരം വരവ് |
|---|---|---|
| 1,17,64,902 | 1,17,64,902 | 1,15,36,362 |

14. തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ 23.08.2018 ന് വരവു വന്ന 35,000 രൂപയും 26.03.2019 ന് വരവു വന്ന 600 രൂപയും 320100101-NREGA എന്ന കണക്കിൽ പെടുത്തിയിട്ടില്ല.

15. തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ 2018-19 ൽ 7,83,017 രൂപ ചെലവുണ്ട്. എന്നാൽ 31.03.2019 ന് 160100601 എന്ന ഹെഡിലേക്ക് 7,54,118 രൂപ മാത്രമേ മാറ്റിയിട്ടുള്ളൂ.

16. 320800101- beneficiary contributions എന്ന കണക്കിൽ 36,721 രൂപ മുന്നിരിപ്പും തൻവർഷ പിരിവ് 3,97,100 രൂപയുമടക്കം 31.03.2019 ന് 4,33,821 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ ഈ തുക സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഏതൊക്കെ പ്രോജക്റ്റുകൾക്ക് എന്ന് പിരിച്ച ഗുണഭോക്തൃ വിഹിതമാണ് എന്ന വിവരം ഇല്ല.

17. 320800299- Donations to flood എന്ന കണക്കിൽ 2,07,780 രൂപ 31.03.2019 ന് നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ തിയതി വരെ ഈ തുക അടച്ചിട്ടില്ല.

18. 320800199- other grants എന്ന ഹെഡിൽ 31.03.2019 ൽ 13,30,000 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഈ തുക 28.03.2018 ന് റോഡ് നിർമാണ പ്രവൃത്തിക്ക് ലഭിച്ച കോർപ്പസ് ഫണ്ട് ആണ്. എന്നാൽ 27.03.2019 ന് ഈ പ്രവൃത്തിക്ക് 11,71,786 രൂപ ഫൈനൽ പേമെന്റ് നടത്തിയിട്ടുണ്ട്. ഈ പേമെന്റ് സംബന്ധിച്ച ക്രമീകരണം ബാദ്ധ്യതയിൽ വരുത്തിയിട്ടില്ല.

19. 350800106- telephone charge- office- payable എന്ന ഹെഡിൽ മൈനസ് തുക കാണുന്നു.

20. 410300102- roads tarred എന്ന ആസ്തി ഹെഡിൽ പ്രോജക്റ്റ് നം 189/19 ലെ റീട്ടെൻഷൻ തുകയായ 72,142 രൂപയും ഉൾപ്പെടുത്തിക്കാണുന്നു.

21. 460500501- Advance to implimenting Officers എന്ന കണക്കിൽ 1,62,184 രൂപ 31.03.2019 ന് തിരികെ കിട്ടാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ വിശദാംശങ്ങൾ പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല.

22. പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ 2017-18 വരെ മാത്രമേ എഴുതിയിട്ടുള്ളൂ. ആയതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരമുള്ള അഡ്വാൻസുകൾ ആർക്കൊക്കെ എന്ത് ആവശ്യത്തിന് നൽകിയതാണ് എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

23. പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരമുള്ള ഡെപ്പോസിറ്റുകൾ ആര്, എന്ത് ആവശ്യത്തിന് നൽകിയതാണ് എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

24. ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി തൻവർഷ പിരിവ് രജിസ്റ്റർ പ്രകാരം 8,86,850 രൂപയാണ്. എന്നാൽ ഇൻകം എക്സ്പെൻഡിച്ചർ പട്ടിക പ്രകാരം പിരിവ് 8,80,890 രൂപയാണ്.

25. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 320100115- TSC എന്ന ഹെഡിൽ 58,84,029 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുകകൾ സംബന്ധിച്ച വിശദ വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല.

26. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 320100299- Grants-other central govt grants എന്ന ഹെഡിൽ 2,00,000 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക 15.11.2014 ന് Correction entry വഴി ബാദ്ധ്യത കാണിച്ചതാണ്. എന്നാൽ ഈ തുകകൾ സംബന്ധിച്ച വിശദ വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല.

27. വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2018-19 ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റമെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

28. കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

# 1-13 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ വർദ്ധനവ് /ഇടിവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | | ശതമാനം | |
|---|---|---|---|---|---|---|
| | | | (+) | (-) | (+) | (-) |
| നികുതിവരവുകൾ | 50,68,781 | 52,85,240 | 2,16,459 | ---- | | |
| നികുതിയേതരവരവുകൾ | 5,50,663 | 5,05,006 | - ----- | 45,657 | | |
| മറ്റുള്ളവ | - | - | - | -- | - | - |
| **ആകെ** | **56,19,444** | **57,90,246** | **1,70,802** | **-----** | | |

# 1-14 ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ടേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി. &ഒ. ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഡി.&ഒ. രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ടേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ടേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ടേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 1-15 തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, ഡ്രൈവിങ്ങ് സ്കൂളുകൾ, റേഷൻ കടകൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാർ, പഞ്ചായത്തിലെ വിവിധ അംഗൺവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ, ഐസിഡിഎസ് സൂപ്പർവൈസർമാർ മുതലായ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ, പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ മുതലായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. മേൽ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-16 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കാണുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | തൊഴിൽ നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1. | ദീപ ഹോസ്പിറ്റൽ,ബന്തടുക്ക | 2018-19 ഒന്നും രണ്ടും അർദ്ധ വർഷം |
| 2. | മാടൻ ഫ്യുവൽസ്,ബന്തടുക്ക | 2018-19 ഒന്നും രണ്ടും അർദ്ധ വർഷം |
| 3. | ഐ സ്കെച്ച് പ്ലാൻ &എസ്റ്റിമേറ്റ്,പടുപ്പ് | 2018-19 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-17 2016-17, 2017-18 വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയത്-തുകകൾ ക്രമീകരിക്കാൻ ബാക്കി

2016-17, 2017-18 വർഷങ്ങളിൽ രൂപീകരിച്ച റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികൾക്ക് പഞ്ചായത്ത് ബിറ്റുമിനും എമൽഷനും വാങ്ങി നൽകിയിരുന്നു. ഇതിനായുള്ള നടപടികളിൽ കണ്ടെത്തിയ അപാകതകൾ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇതിന്മേൽ ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ കൂട്ടിച്ചേർക്കുന്നു.

1. ബിറ്റുമിനും എമൽഷനും വാങ്ങുന്നതിനായി പിൻവലിച്ച തുകയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ടി.എസ്.ബി അക്കൗണ്ടിൽ മിച്ചം വന്ന 2,99,707 രൂപ 08.04.2019 ലെ ചെക്ക് നം 7543519 മുഖേന പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഈ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് നാളിതു വരെ അടച്ചിട്ടില്ല.

2. ബിറ്റുമിൻ വാങ്ങുന്നതിനായി പിൻവലിച്ച തുകയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പക്കൽ ബാക്കിയുള്ള 18,387 രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് നാളിതു വരെ തിരിച്ചടച്ചിട്ടില്ല.

3. 2016-17 വർഷം ബിറ്റുമിൻ വാങ്ങാൻ നൽകിയ തുകയിൽ MRPL ന്റെ പക്കൽ ബാക്കിയുള്ള 77,273 രൂപയും HINCOL ന്റെ പക്കൽ ബാക്കിയുള്ള 15,082 രൂപയും തിരികെ ഈടാക്കി സർക്കാരിലേക്ക് അടച്ചിട്ടില്ല.

4. 2016-17 ലെ ബിൽ നം 6/16-17, തിയതി 14.03.2017 പ്രകാരം 53,225 രൂപയും 19/16-17, തിയതി 14.03.2017 പ്രകാരം 53,225 രൂപയുമടക്കം 1,06,450 രൂപ പ്രോജക്റ്റ് നം 147/17- മക്കട്ടി കൊളം റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങി നൽകുന്നതിന് ചെലവ് ചെയ്തതായി കാണുന്നു. എന്നാൽ 2017-18 ലെ ബിൽ നം 21, തിയതി 29.07.2017 പ്രകാരം ഈ പ്രവൃത്തിയുടെ ബിൽ തുക നൽകുമ്പോൾ ബിറ്റുമിന്റെ വിലയായി 53,225 രൂപ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. കാരണം വിശദമാക്കേണ്ടതാണ്.

5. 2016-17 ലെ ബിൽ നം 16/16-17, തിയതി 14.03.2017 പ്രകാരം പ്രോജക്റ്റ് നം 144/17- കയമൂർഖൻകയ-പൂടംകല്ല് റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്ക് വേണ്ടി ബിറ്റുമിൻ വാങ്ങുന്നതിനുള്ള 53,225 രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ആയത് ട്രഷറി ഓഫീസർ ഒബ്ജക്റ്റ് ചെയ്യുകയുണ്ടായി. തുടർന്ന് ഈ ബിൽ പുന:സമർപ്പിച്ചതായി കാണുന്നില്ല. എന്നാൽ 2017-18 ലെ ബിൽ നം 35, തിയതി 20.09.2017 പ്രകാരം ഈ പ്രവൃത്തിയുടെ ബിൽ തുക നൽകുമ്പോൾ ബിറ്റുമിന്റെ വിലയായി 53,225 രൂപ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. ബിറ്റുമിൻ വിതരണം ചെയ്യാതെ ബില്ലിൽ നിന്നും ബിറ്റുമിന്റെ തുക കുറവു ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

# 1-18 ഡി & ഒ ഭേദഗതി പുറപ്പെടുവിച്ച പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2019-20 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

# 1-19 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി 2018-19 ൽ ചില റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ ആവശ്യമായ മെറ്റൽ, പൂഴി, സിമന്റ്, മറ്റു സാമഗ്രികൾ എന്നിവ ടെണ്ടർ മുഖേന വാങ്ങുകയും തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഉപയോഗപ്പെടുത്തിയുമാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതികൾക്കായി സാമഗ്രികൾ വാങ്ങുന്നതിന് സർക്കാർ നിർദേശിച്ച മാർഗരേഖകൾ പാലിക്കാതെ സമാഹരണം നടത്തുന്നു-

തൊഴിലുറപ്പ് പദ്ധതികൾക്കായി സാമഗ്രികൾ വാങ്ങുന്നതിന് ജി.ഒ(എം.എസ്)93/2012/LSGD, തിയതി 31.03.2012 പ്രകാരം സർക്കാർ വിശദമായ മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗരേഖ പ്രകാരം രൂപീകരിക്കേണ്ടിയിരുന്ന പ്രക്യൂയർമെന്റ് കമ്മിറ്റി, സബ് കമ്മിറ്റി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അർദ്ധ വർഷാടിസ്ഥനത്തിലോ മാസാടിസ്ഥാനത്തിലോ പ്രൊക്യൂയർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിക്കും വെവ്വേറെ ടെണ്ടർ വിളിച്ച് പ്രൊക്യൂയർമെന്റ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതു കൂടാതെ സാധന സാമഗ്രികൾ സമാഹരിക്കുന്നതിന് ഉത്തരവിൽ ഉള്ള പൊതു നിബന്ധനകളും സാധന സാമഗ്രികളുടെ ഏറ്റുവാങ്ങൽ, വിതരണം, സംഭരണം, മിച്ചം വരുന്ന സാധനങ്ങളുടെ പരിപാലനം എന്നിവ സംബന്ധിച്ച ഉത്തരവിലെ നിബന്ധനകളും പാലിച്ചിട്ടില്ല. കൂടാതെ ഉത്തരവിലെ അനുബന്ധങ്ങളിലുള്ള മാതൃകയിൽ സാമഗ്രികളുടെ ഇന്റന്റ്, സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ രേഖകൾ എന്നിവയും തയ്യാറാക്കി ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

2. സാധന സാമഗ്രികളുടെ ബില്ലുകൾ ഫയലിൽ ഇല്ല-

മിക്ക പ്രവൃത്തികളിലും ഭീമമായ അളവിൽ 40mm, 20mm,10mm മെറ്റൽ, പൂഴി, സിമന്റ് എന്നിവ ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ/ഇൻവോയ്സുകൾ ഫയലുകളിൽ ഇല്ല. ക്രമ നം 1 ൽ വിവരിച്ചിരിക്കുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെയും സാധനങ്ങൾ കൈപ്പറ്റുന്ന മെയ്റ്റുമാരുടെ കൈപ്പറ്റ് രശീതുകളുടെയും അഭാവത്തിൽ സാമഗ്രികളുടെ ബില്ലുകളുടെയും അഭാവം സാധനങ്ങളും സാമഗ്രികളും കൃത്യമായ അളവിൽ സംഭരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഭീമമായ തുകകൾ സാമഗ്രികളുടെ വിലയായി കരാറുകാരുടെ അക്കൊണ്ടുകളിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ വാങ്ങാതിരിക്കുന്നത് ശരിയായ നടപടിയല്ല.

3. സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board of Indirect Taxes and customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തികളുടെയും സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | മെറ്റീരിയൽ ലിസ്റ്റ്, തിയതി | കുറവ് ചെയ്യേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|
| 1 | മീയങ്ങാനം എടമ്പൂരടി റോഡ് കോൺക്രീറ്റ് TS No.58/18-19, dated 05.05.2018 | സനീഷ് കുമാർ.കെ | 3,63,836.75 | 1601002-ML-335, തിയതി 21.11.2018 | 7,276.35 |
| 2 | പ്ലാവിലയ നായ്ക്കയം റോഡ് കോൺക്രീറ്റ് TS No.22/18-19, dated 30.04.2018 | സനീഷ് കുമാർ.കെ | 2,51,357.31 | 1601002-ML-325, തിയതി 12.10.2018- 1,72,739.75, 1601002-ML-326, തിയതി 12.10.2018- 78,617.56 | 5,027.14 |
| 3 | ബന്തടുക്ക കുന്നുമ്മൽ റോഡ് കോൺക്രീറ്റ് TS No.24/18-19, dated 30.04.2018 | സനീഷ് കുമാർ.കെ | 3,63,839.73 | 1601002-ML-334, തിയതി 22.10.2018- 1,84,877.98, 1601002-ML-332, തിയതി 22.10.2018- 1,78,961.75 | 7,276.79 |
| 4 | ഇടയിച്ചാൽ ബണ്ടംകൈ റോഡ് കോൺക്രീറ്റ് TS No.23/18-19, dated 30.04.2018 | സുരേഷ് കുമാർ.എ | 3,64,208 | 1601002-ML-331, തിയതി 01.11.2018- 3,64,208 | 7,284.16 |
| 5 | കക്കച്ചാൽ പെരുമുണ്ട റോഡ് കോൺക്രീറ്റ് TS No.25/18-19, dated 30.04.2018 | സനീഷ് കുമാർ.കെ | 3,64,208 | 1601002-ML-336, തിയതി 21.11.2018- 3,64,208 | 7,284.16 |
| 6 | ഒറ്റമാവുങ്കാൽ ചിറക്കാൽ റോഡ് കോൺക്രീറ്റ് | സുരേഷ് കുമാർ.എ | 3,72,878 | 1601002-ML-673, തിയതി | 7,457.56 |

| | | | | | |
|---|---|---|---|---|---|
| | TS No.148/18-19, dated 23.07.2018 | | | 23.01.2019- 1,90,301,<br>1601002-ML-2029, തിയതി 04.04.2019- 1,82,577 | |
| 7 | പാലാർ ദർബത്തടുക്ക റോഡ് കോൺക്രീറ്റ്<br>TS No.46/18-19, dated 05.05.2018 | സുരേഷ് കുമാർ.എ | 1,90,390 | 1601002-ML-674, തിയതി 25.01.2019- 1,90,390 (പാർട്ട് ബിൽ)<br>1601002-ML-707, തിയതി 23.01.2019- 1,90,390 (ഈ തുക നാളിതു വരെ കരാറുകാരന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടില്ല.) | - |
| 8 | വളവ് അങ്കണവാടി റോഡ് കോൺക്രീറ്റ്<br>TS No.26/18-19, dated 30.04.2018 | സുരേഷ് കുമാർ.എ | 3,67,509 | 1601002-ML-408, തിയതി 30.11.2018- 1,95,454,<br>1601002-ML-2026, തിയതി 04.04.2019- 1,72,055 | 7,350.18 |
| 9 | വീട്ടിയാടി നരിയിരിക്കുംപാറ റോഡ് കോൺക്രീറ്റ്<br>TS No.49/18-19, dated 05.05.2018 | സുരേഷ് കുമാർ.എ | 3,67,833 | 1601002-ML-2027, തിയതി 04.04.2019- 1,72,379,<br>1601002-ML-407, തിയതി 30.11.2018- 1,95,454 | 7,356.66 |
| 10 | താന്നിക്കാൽ | രജിത്ത്.കെ | 3,70,889 | 1601002-ML-86, | 7,417.78 |

| | | | | | |
|---|---|---|---|---|---|
| | പരക്കുന്ന് റോഡ് കോൺക്രീറ്റ് TS No.348/18, dated 18.01.2018 | | | തിയതി 03.10.2018- 3,70,889 | |
| | | | | **മൊത്തം** | **63,730.78** |

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | മെറ്റീരിയൽ ലിസ്റ്റ്, തിയതി | കുറവ് ചെയ്യേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|
| 1 | മീയങ്ങാനം എടമ്പൂരടി റോഡ് കോൺക്രീറ്റ് TS No.58/18-19, dated 05.05.2018 | സനീഷ് കുമാർ.കെ | 3,63,836.75 | 1601002-ML-335, തിയതി 21.11.2018 | 3,638.36 |
| 2 | പ്ലാവിലയ നായ്ക്കയം റോഡ് കോൺക്രീറ്റ് TS No.22/18-19, dated 30.04.2018 | സനീഷ് കുമാർ.കെ | 2,51,357.31 | 1601002-ML-325, തിയതി 12.10.2018- 1,72,739.75, 1601002-ML-326, തിയതി 12.10.2018- 78,617.56 | 2,513.57 |
| 3 | ബന്തടുക്ക കുന്നമ്മൽ റോഡ് കോൺക്രീറ്റ് TS No.24/18-19, dated 30.04.2018 | സനീഷ് കുമാർ.കെ | 3,63,839.73 | 1601002-ML-334, തിയതി 22.10.2018- 1,84,877.98, 1601002-ML-332, തിയതി 22.10.2018- 1,78,961.75 | 3,638.39 |
| 4 | ഇടയിച്ചാൽ ബണ്ടംകൈ റോഡ് കോൺക്രീറ്റ് | സുരേഷ് കുമാർ.എ | 3,64,208 | 1601002-ML-331, തിയതി | 3,642.08 |

| | | | | | |
|---|---|---|---|---|---|
| | TS No.23/18-19, dated 30.04.2018 | | | 01.11.2018- 3,64,208 | |
| 5 | കക്കച്ചാൽ പെരുമുണ്ട റോഡ് കോൺക്രീറ്റ്<br>TS No.25/18-19, dated 30.04.2018 | സനീഷ് കുമാർ.കെ | 3,64,208 | 1601002-ML-336, തിയതി 21.11.2018- 3,64,208 | 3,642.08 |
| 6 | ഒറ്റമാവുങ്കാൽ ചിറക്കാൽ റോഡ് കോൺക്രീറ്റ്<br>TS No.148/18-19, dated 23.07.2018 | സുരേഷ് കുമാർ.എ | 3,72,878 | 1601002-ML-673, തിയതി 23.01.2019- 1,90,301,<br>1601002-ML-2029, തിയതി 04.04.2019- 1,82,577 | 3,728.78 |
| 7 | പാലാർ ദർബത്തടുക്ക റോഡ് കോൺക്രീറ്റ്<br>TS No.46/18-19, dated 05.05.2018 | സുരേഷ് കുമാർ.എ | 1,90,390 | 1601002-ML-674, തിയതി 23.01.2019- 1,90,390<br>1601002-ML-707, തിയതി 23.01.2019- 1,90,390 (ഈ തുക നാളിതു വരെ കരാറുകാരന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടില്ല.) | 1,903.90 |
| 8 | വളവ് അങ്കണവാടി റോഡ് കോൺക്രീറ്റ്<br>TS No.26/18-19, dated 30.04.2018 | സുരേഷ് കുമാർ.എ | 3,67,509 | 1601002-ML-408, തിയതി 30.11.2018- 1,95,454,<br>1601002-ML-2026, തിയതി 04.04.2019- 1,72,055 | 3,675.09 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 9 | വീട്ടിയാടി നരിയിരിക്കുംപാറ റോഡ് കോൺക്രീറ്റ്<br>TS No.49/18-19, dated 05.05.2018 | സുരേഷ് കുമാർ.എ | 3,67,833 | 1601002-ML-2027, തിയതി 04.04.2019- 1,72,379,<br>1601002-ML-407, തിയതി 30.11.2018- 1,95,454 | 3,678.33 |
| 10 | ബേത്തൂർപാറ കോണടുക്കം റോഡ് കോൺക്രീറ്റ്<br>TS No.343/18, dated 18.01.2018 | രജിത്ത്.കെ | 2,48,258 | 1601002-ML-427, തിയതി 10.04.2018- 2,48,258 | 2,482.58 |
| 11 | അണ്ണാനഗർ പുനം റോഡ് കോൺക്രീറ്റ്<br>TS No.344/18, dated 18.01.2018 | രജിത്ത്.കെ | 3,70,883 | 1601002-ML-429, തിയതി 10.04.2018- 3,70,883 | 3,708.83 |
| 12 | കരിവേടകം വാട്ടപ്പള്ളി റോഡ് കോൺക്രീറ്റ്<br>TS No.346/18, dated 18.01.2018 | രജിത്ത്.കെ | 3,70,888 | 1601002-ML-439, തിയതി 10.04.2018- 3,70,888 | 3,708.88 |
| 13 | കരിവേടകം ഇല്ല്യാസ് ജുമാ മസ്ജിദ് റോഡ് കോൺക്രീറ്റ്<br>TS No.342/18, dated 18.01.2018 | രജിത്ത്.കെ | 3,70,888 | 1601002-ML-438, തിയതി 10.04.2018- 3,70,888 | 3,708.88 |
| 14 | താന്നിക്കാൽ പരക്കുന്ന് റോഡ് കോൺക്രീറ്റ്<br>TS No.348/18, dated 18.01.2018 | രജിത്ത്.കെ | 3,70,889 | 1601002-ML-86, തിയതി 03.10.2018- 3,70,889 | 3,708.89 |
| | | | | **മൊത്തം** | **47,378.64** |

4. ഡാറ്റയിൽ പിശക്-

റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ SECURE എന്ന സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി അവലംബിച്ചിരിക്കുന്നത് CPWD യുടെ ഡാറ്റയും സംസ്ഥാന തലത്തിൽ തയ്യാറാക്കുകയും പുതുക്കുകയും ചെയ്തു വരുന്ന ജില്ലാ തിരിച്ചുള്ള ലോക്കൽ മാർക്കറ്റ് നിരക്കുകളുമാണ്.

മിക്ക പ്രവൃത്തികളിലും ഇനം 1 ആയി കോഡ് 2.1.1 – earthwork in surface excavation എന്നയിനം ഉൾപ്പെടുത്തിയിട്ടുണ്ട്. SECURE സോഫ്റ്റ്വെയ്റിൽ ഉള്ള ഈയിനത്തിന്റെ ഡാറ്റ അനാലിസിസ് ചുവടെ ചേർക്കുന്നു.

2.1 Earthwork in surface excavation not exceeding 30 cm in depth, but exceeding 1.5 meter in width

2.1.1 all kinds of soil-

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details cost for 100 sqm and average depth 15 cm | | | | |
| 0114 | Beldar | Day | 7.2 | 271 | 1951.2 |
| 0115 | Coolie | day | 6 | 271 | 1626 |
| | | | | Total | 3577.2 |
| | | | | Cost of 1 sqm | 35.77 |

എന്നാൽ CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള കോഡ് 2.1 ന്റെ ഡാറ്റ അനാലിസിസ് പ്രകാരം 0114-beldar എന്നയിനത്തിന്റെ quantity 6.8 ഉം 0115-coolie എന്നയിനത്തിന്റെ quantity 5.6 ഉം ആണെന്ന് കാണുന്നു. SECURE സോഫ്റ്റ്വെയറിൽ ഇവ യഥാക്രമം 7.2, 6 എന്നിങ്ങനെയാണ് എടുത്തു കാണുന്നത്. ആയതിനാൽ SECURE സോഫ്റ്റ്വെയറിൽ ഈയിനത്തിന് അധികം നിരക്കാണ് അനുവദിച്ചിട്ടുള്ളത്. അനുവദനീയമായ നിരക്ക് ചുവടെ കണക്കാക്കുന്നു

2.1 Earthwork in surface excavation not exceeding 30 cm in depth, but exceeding 1.5 meter in width

2.1.1 all kinds of soil-

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details cost for 100 sqm and average depth 15 cm | | | | |
| 0114 | Beldar | Day | 6.8 | 271 | 1842.80 |
| 0115 | Coolie | day | 5.6 | 271 | 1517.60 |
| | | | | Total | 3360.40 |
| | | | | Cost | 33.60/sqm |

| | | | | | of 1 sqm | |
|---|---|---|---|---|---|---|

മേൽ അപാകതകൾ മൂലം സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ ഉണ്ടായിട്ടുള്ള അധികച്ചെലവ് ചുവടെ കണക്കാക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഇനം | അനുവദിച്ച മൂല്യം | | | അനുവദനീയമായ മൂല്യം | | | അധികം |
|---|---|---|---|---|---|---|---|---|
| | | അളവ് | നിരക്ക് | മൂല്യം | അളവ് | നിരക്ക് | മൂല്യം | |
| മീയങ്ങാനം എടമ്പൂരടി റോഡ് കോൺക്രീറ്റ് TS No.58/18-19, dated 05.05.2018 | 2.2.1 | 450 sqm | 35.77/sqm | 16096.50 | 450 sqm | 33.60/sqm | 15,120 | 976.50 |
| പ്ലാവിലയ നായ്ക്കയം റോഡ് കോൺക്രീറ്റ് TS No.22/18-19, dated 30.04.2018 | 2.2.1 | 309 sqm | 35.77/sqm | 11,052.93 | 309 sqm | 33.60/sqm | 10,382.40 | 670.53 |
| ബന്തടുക്ക കുന്നമ്മൽ റോഡ് കോൺക്രീറ്റ് TS No.24/18-19, dated 30.04.2018 | 2.2.1 | 450 sqm | 35.77/sqm | 16,096.50 | 450 sqm | 33.60/sqm | 15,120 | 976.50 |
| ഇടയിച്ചാൽ ബണ്ടംകൈ റോഡ് കോൺക്രീറ്റ് TS No.23/18-19, dated 30.04.2018 | 2.2.1 | 450 sqm | 35.77/sqm | 16,096.50 | 450 sqm | 33.60/sqm | 15,120 | 976.50 |
| കക്കച്ചാൽ പെരുമുണ്ട റോഡ് കോൺക്രീറ്റ് TS No.25/18-19, dated 30.04.2018 | 2.2.1 | 450 sqm | 35.77/sqm | 16,096.50 | 450 sqm | 33.60/sqm | 15,120 | 976.50 |
| ഒറ്റമാവുങ്കാൽ ചിറക്കാൽ റോഡ് കോൺക്രീറ്റ് | 2.2.1 | 450 sqm | 35.77/sqm | 16,096.50 | 450 sqm | 33.60/sqm | 15,120 | 976.50 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| TS No.148/18-19, dated 23.07.2018 | | | | | | | | |
| പാലാർ ദർബത്തുടുക്ക റോഡ് കോൺക്രീറ്റ് TS No.46/18-19, dated 05.05.2018 | 2.2.1 | 450 sqm | 35.77/sqm | 16,096.50 | 450 sqm | 33.60/sqm | 15,120 | 976.50 |
| വളവ് അങ്കണവാടി റോഡ് കോൺക്രീറ്റ് TS No.26/18-19, dated 30.04.2018 | 2.2.1 | 450 sqm | 35.77/sqm | 16,096.50 | 450 sqm | 33.60/sqm | 15,120 | 976.50 |
| വീട്ടിയാടി നരിയിരിക്കുംപാറ റോഡ് കോൺക്രീറ്റ് TS No.49/18-19, dated 05.05.2018 | 2.2.1 | 300 sqm | 35.77/sqm | 10,731 | 300 sqm | 33.60/sqm | 10,080 | 651 |

5. തൊഴിലുറപ്പ് പദ്ധതിയിൽ ഡി.എസ്.ആർ നിരക്കുകളേക്കാൾ അധികം നിരക്ക് അനുവദിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും പ്രാദേശിക നിരക്കുകളും അലവംബിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നിർവഹിച്ചിട്ടുള്ളത്. അവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലി തൊഴിലുറപ്പ് പദ്ധതിയിലെ വേതന നിരക്കായ 271/day ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മറ്റു അർദ്ധ വിദഗ്ധ/വിദഗ്ധ തൊഴിലാളികൾക്ക് പ്രദേശിക മാർക്കറ്റ് നിരക്കുകളും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ ഇനങ്ങൾക്ക് അനുവദിക്കുന്ന നിരക്കുകൾ ഇതേ ഇനം പ്രവൃത്തികൾക്ക് CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അവലംബിച്ച് പഞ്ചായത്തിൽ ഇതേ കാലയളവിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ അനുവദിച്ചതിനേക്കാൾ അധികം നിരക്കുകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു.

ഉദാഹരണത്തിന് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളും അവയുടെ നിരക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | വിശദാംശം | അനുവദിച്ചിട്ടുള്ള നിരക്കുകൾ |
|---|---|---|
| 1 | 4.1.8- cement concrete 1:4:8, 40mm stone | 5098.87/cum |
| | | |

| | | |
|---|---|---|
| 2 | 4.1.3- cement concrete 1:2:4, 20mm stone | 6287.59/cum |

മേൽ നിരക്കുകളിൽ വാട്ടർ ചാർജ്, CPOH, കോസ്റ്റ് ഇൻഡക്സ് തുടങ്ങിയ ഇനങ്ങൾ ഇല്ല. കൂടാതെ സാധന സാമഗ്രികളുടെ കടത്തു കൂലിയും ഉൾപ്പെട്ടിട്ടില്ല.

ഇതേ ഇനങ്ങൾക്ക് CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും 2016 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അവലംബിച്ച് വാട്ടർ ചാർജ്, CPOH, കോസ്റ്റ് ഇൻഡക്സ് എന്നിവ ഒഴിവാക്കി, സാധന സാമഗ്രികളുടെ കടത്തു കൂലി മാത്രം ഉൾപ്പെടുത്തി അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | വിശദാംശം | അനുവദനീയമായ നിരക്കുകൾ |
|---|---|---|
| 1 | 4.1.8- cement concrete 1:4:8, 40mm stone | 3,855.49/cum |
| 2 | 4.1.3- cement concrete 1:2:4, 20mm stone | 4719.74/cum |

മേൽ താരതമ്യത്തിൽ നിന്നും തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ചിട്ടുള്ള നിരക്കുകൾ പഞ്ചായത്തിന്റെ മറ്റു പദ്ധതികളിൽ അനുവദിക്കുന്ന നിരക്കുകളേക്കാൾ വളരേ അധികമാണെന്ന് കാണാം. തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കുന്ന പ്രാദേശിക മാർക്കറ്റ് നിരക്കുകൾ വളരേ കൂടിയിരിക്കുന്നതാണ് ഇതിനു കാരണം.

DSR 2016 ലെ നിരക്കുകളും അതേ ഇനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന മാർക്കറ്റ് നിരക്കുകളും ചുവടെ താരതമ്യപ്പെടുത്തുന്നു.

| ഇനം | തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ച പ്രാദേശിക നിരക്ക് | DSR 2016 ലെ നിരക്ക് |
|---|---|---|
| 0293- 40mm stone aggregate | 1700/cum | 1250/cum |
| 0295- 20mm stone aggregate | 1800/cum | 1300/cum |
| 0982- Coarse sand zone III | 2225/cum | 1200/cum |
| 0367- portland cement | 8000/MT | 5700/MT |
| 0155- Mason | 750/day | 467/day |
| 0101- Bhisti | 600/day | 407/day |
| 002- Hire charges of concrete mixer | 2000/day | 800/day |
| 0012- vibrator-needle type 40mm) | 800/day | 350/day |

തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന നിരക്ക് വളരെ അധികം ആണെന്ന് മേൽ താരതമ്യപട്ടികയിൽ നിന്ന് മനസ്സിലാക്കാം.

തൊഴിലുറപ്പ് പദ്ധതിയുടെ SECURE സോഫ്റ്റ്വെയ്റിൽ ഏറ്റവും പുതിയ പ്രാദേശിക മാർക്കറ്റ് നിരക്ക് ലഭ്യമായിട്ടുള്ളത് 06.05.2019 മുതൽ 15.05.2019 വരെ ബാധകമായിട്ടുള്ള പ്രാദേശിക മാർക്കറ്റ് നിരക്കാണ്. ഈ കാലയളവിൽ നിലവിലുള്ള ഡെൽഹി ഷെഡ്യൂൾ നിരക്കുകൾ 2018 ലേതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ 06.05.2019 മുതൽ 15.05.2019 വരെ ബാധകമായിട്ടുള്ള പ്രാദേശിക മാർക്കറ്റ് നിരക്കും 2018 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കും അടിസ്ഥാനമാക്കി പഞ്ചായത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഉപയോഗിച്ച സാമഗ്രികളുടെയും വേതനത്തിന്റെയും വാടകയുടെയും നിരക്കുകൾ ചുവടെ താരതമ്യം ചെയ്യുന്നു.

| ഇനം | തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ച പ്രാദേശിക നിരക്ക് (06.05.2019 മുതൽ 15.05.2019 വരെ) | DSR 2018 ലെ നിരക്ക് |
|---|---|---|
| 0293- 40mm stone aggregate | 1590/cum | 1300/cum |
| 0295- 20mm stone aggregate | 1840/cum | 1350/cum |
| 0982- Coarse sand zone lll | 2606/cum | 1350/cum |
| 0367- portland cement | 8000/MT | 4940/MT |
| 0155- Mason | 750/day | 709/day |
| 0101- Bhisti | 600/day | 617/day |
| 002- Hire charges of concrete mixer | 2000/day | 800/day |
| 0012- vibrator- needle type 40mm) | 800/day | 350/day |
| | | |

മേൽ പട്ടികയിൽ നിന്ന് നിലവിലും നിരക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതായി കാണാം. തൊഴിലാളികളുടെ കൂലി മാത്രം ഏകദേശം സമാനത പുലർത്തുന്നുണ്ട്. എന്നാൽ മറ്റെല്ലാ ഇനങ്ങളിലും തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കുന്ന നിരക്ക് ഡി.എസ്.ആർ നിരക്കുകളെക്കാളും

വളരെ അധികമാണെന്ന് കാണുന്നു. ഇതു മൂലം ഒരേ കാലയളവിൽ പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗവും തൊഴിലുറപ്പ് പദ്ധതി വിഭാഗവും നടപ്പിലാക്കുന്ന ഒരേയിനം പ്രവൃത്തികൾക്ക് രണ്ട് വ്യത്യസ്ത നിരക്കുകൾ അനുവദിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്.

# 1-20 എൽ എസ് ജി ഡി ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറിന് നീതീകരിക്കാനാകാത്ത നിരക്ക്

പ്രോജക്ട് നം 54/18- എൽ എസ് ജി ഡി ഓഫീസിലേക്ക് ഫർണിച്ചർ

ഫണ്ട്-കേന്ദ്രാവിഷ്കൃത പരിപാടി- 45,000

മെയിന്റനൻസ് ഫണ്ട് നോൺ റോഡ്- 55,000

ചെലവ്- ബിൽ നം.48/18-19, തിയതി 30.10.2019- 55,000 രൂപ

ചെക്ക് നം 671002913, തിയതി 26.11.2018- 44,500

ഈ പദ്ധതിയിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങിന് ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ഒരു പ്രിന്ററും ഒരു അലമാരയും വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികൾ അവലംബിച്ച് രാജപുരത്തെ വൺ സീറോ ഐ.ടി കെയർ എന്ന സ്ഥാപനത്തിൽ നിന്നാണ് എല്ലാ സാമഗ്രികളും വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിന്റെ 23.02.2018 ലെ ഇൻവോയ്സ് നം 294 പ്രകാരം വാങ്ങിയിട്ടുള്ള സാമഗ്രികളിൽ, കമ്പ്യൂട്ടറിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ACER BRANDED PC | i3, 4GB RAM, 1 TB hard disk, 18.5 inch monitor, windows 10, 5 years warranty | 55,000 |

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങിന്റെ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ഈ കമ്പ്യൂട്ടർ പരിശോധിച്ചതിൽ മേൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നുണ്ടെന്ന് കാണുന്നു. (4gb DDR3 memory stick ആണ് കമ്പ്യൂട്ടറിൽ ഉള്ളത്). എന്നാൽ ഈ കമ്പ്യൂട്ടറിന് നൽകിയിരിക്കുന്ന വില പർച്ചേസ് നടത്തിയ സമയത്തും നിലവിലും യാതൊരു വിധത്തിലും ന്യായീകരിക്കത്തക്കതല്ല എന്ന് കാണുന്നു.

intel core i3, 7th generation processor, 4 GB DDR3 RAM, 1TB memory, 18.5 inch monitor, windows 10 professsional എന്ന സ്പെസിഫിക്കേഷനോടു കൂടിയിട്ടുള്ള ACER ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് 55,000 രൂപ എന്നത് വിപണി വിലയേക്കാൾ വളരെയധികം കൂടുതലാണ്. ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതികതാ വകുപ്പിന്റെ 29.06.2019 ലെ G.O.(Rt)No.128/2019/ITD നമ്പർ ഉത്തരവിൽ സർക്കാർ വകുപ്പുകൾക്കായുള്ള കേന്ദ്രീകൃത സമാഹരണ റേറ്റ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ACER കമ്പനിയുടെ ചുവടെ ചേർത്ത സ്പെസിഫിക്കേഷനോടു കൂടിയ കമ്പ്യൂട്ടറിന് പോലും 40,129 രൂപ നിരക്കിൽ മാത്രമാണ് റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ളത്.

Desktop Medium End windows 10 Professional (Intel Processor)

Processor: Intel (R) i3 8100 @3.6 GHz, 4 cores, 6MB cache, TDP- 65W

Chipset: compatible Chipset

Motherboard: OEM Motherboard

Memory: 4 GB DDR4 RAM upgradable to 16 GB.

Hard Disk Drive: 1.0TB 7200 rpm or higher.

Monitor: 19.5 inch or larger TFT/LED HD Digital Colour Monitor with IPS display panel. Same make as PC

Keyboard: USB interface. Keyboard. Same make as PC.Mouse: Optical with USB interface. Same make as PC.

Chassis: Chassis less than 16 L

Ports: 6 USB Ports or more (at least 2 USB 3.0 ports and two ports in front panel (atleast 1

should be USB 3.0), HDMI, Audio ports.

Optical Drive: 8X or better DVD RW Drive.

Networking facility: 10/100/1000 on board integrated Network Port, & Wi-Fi 802.11 b/g/n

connectivity

Certifications:

a. ROHS Compliance for Product

b. ISO 14001 for OEM

c. EPEAT Registered in India

Warranty: 5 year comprehensive on-site warranty including Monitor.

ഈ സാഹചര്യത്തിൽ 3/2018 കാലയളവിൽ ഇതിലും കുറഞ്ഞ സ്പെസിഫിക്കേഷനോടു കൂടിയ കമ്പ്യൂട്ടർ, കൂടിയ വിലയായ 55,000 രൂപയ്ക്ക് വാങ്ങിയതിൽ ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്. വൺ സീറോ ഐ.ടി കെയർ എന്ന സ്ഥാപനത്തിന്റെ ടെണ്ടറിൽ ഒരു കമ്പ്യൂട്ടറിന് 55,000 രൂപ തന്നെയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ഈ നിരക്കും സ്പെസിഫിക്കേഷനുകളും ന്യായീകരിക്കത്തക്കതാണ് എന്ന് സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ ടെണ്ടറിങ്ങ് അധികാരിയായ അസിസ്റ്റന്റ് എഞ്ചിനീയർ ഉറപ്പു വരുത്തേണ്ടതായിരുന്നു. വിപണി വിലയേക്കാൾ അധികം തുക നൽകിയാണ് കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത് എന്ന് പ്രത്യക്ഷത്തിൽ തന്നെ വ്യക്തമായതിനാൽ ഈ പദ്ധതിയിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി ചെലവഴിച്ച മുഴുവൻ തുകയും (55,000 രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ നിരീക്ഷണത്തിന് മതിയായ വിശദീകരണങ്ങൾ നൽകേണ്ടതും ആവശ്യമെങ്കിൽ തിരുത്തൽ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-21 പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ, പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം) ഇതു കൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല.നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം

ഗ്രാമ പഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമില്ല.എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ തന്നെ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു.ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കുശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക.രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടു പോകാനിടയാക്കും. അനധികൃത നിർമ്മാണങ്ങൾ /മാറ്റം വരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ തടയുന്നതിനും കെട്ടിടത്തിന്റെ യഥാർത്ഥ ഘടനയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഫീൽഡ് തല പരിശോധനകൾ കൂടുതലായി നടത്തേണ്ടതാണ്.

# 1-22 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- സംയുക്തമായി പരിശോധന നടത്തി യിട്ടില്ല.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2018-19 ൽ 55,980/ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല–. കത്താത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം-ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം കരസ്ഥമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ 152/19
ബിൽ നം.26/2019 തി.11.01.2019

പദ്ധതിയുടെ പേര്- കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,13764/- (A/C നം 701011400000134) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ പഞ്ചായത്ത് കരസ്ഥമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റുകയും വിനിയോഗിക്കപ്പെടാത്ത തുക തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-24 എസ് എസ് എ പദ്ധതി സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം. | 16/2019 – എസ്.എസ് എ വിഹിതം |
| ബിൽ നം. | 13/18-19 തീയ്യതി 25-09-2018,- 9,97,800/-<br>(വികസന ഫണ്ട് ,ജനറൽ) |
| ബിൽ നം | 19/18-19 തീയ്യതി 21-11-2018, - 10,00,000/-<br>(വികസന ഫണ്ട് ,ജനറൽ) |
| ബിൽ നം | 22/18-19 തീയ്യതി 28-11-2018, - 51,300/- |

ജി.ഒ (എം.എസ്) 4/2016 തി. 11.01.16, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്റ്റിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. പ്രൊജക്റ്റ് തദ്ദേശ സ്വയംഭരണ ഭരണ സമിതി അംഗീകരിക്കണം എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.എസ്.എ വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി പിൻവലിച്ച 20,49,100/- രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുന്നില്ല.

കേരള വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകൾക്ക് 1,15,500/-രൂപ ചാർജ്ജ് ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ടു തന്നെ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് അധികൃതർക്ക് ഉറപ്പു വരുത്തുന്നതിന് സാധിക്കുന്നില്ല. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പരായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഐ.കെ.എം വിഹിതം-വിനിയോഗ

# സാക്ഷ്യപത്രം ഹാജരാകിയിട്ടില്ല

പ്രോജക്ട് നമ്പർ 3/19
ബിൽ നം.12/2019 തി.25.09.2018
ചെലവ്. 1,06,052/-

പദ്ധതിയുടെ പേര്- ഐ.കെ.എം വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം ഐ.കെ.എം നള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,39,975/- (A/C നം 57047023512) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ പഞ്ചായത്ത് കരസ്ഥമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റുകയും വിനിയോഗിക്കപ്പെടാത്ത തുക തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# 1-27 എസ്.എസ് എ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാകിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം. | 16/2019 – എസ്.എസ് എ വിഹിതം |
| ബിൽ നം. | 13/18-19 തീയ്യതി 25-09-2018,- 9,97,800/-<br>(വികസന ഫണ്ട് ,ജനറൽ) |
| ബിൽ നം | 19/18-19 തീയ്യതി 21-11-2018, - 10,00000/-<br>(വികസന ഫണ്ട് ,ജനറൽ) |
| ബിൽ നം | 22/18-19 തീയ്യതി 28-11-2018, - 5,13,000/- |

ജി.ഒ (എം.എസ്) 4/2016 തി. 11.01.16, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. പ്രൊജക്ട് തദ്ദേശ സ്വയംഭരണ ഭരണ സമിതി അംഗീകരിക്കണം എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.എസ്.എ വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി പിൻവലിച്ച 25,10,800/- രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 25,10,800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നില്ല.

29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ലഭ്യമായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ മോണിറ്ററിംഗ് സമ്പന്ധിച്ച തീരുമാനങ്ങളൊ ചർച്ചയൊ നടന്നതിന്റെ വിവരങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്.

## 1-29 തുടർ സാക്ഷരത പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

നിർവഹണം - സെക്രട്ടറി , പദ്ധതി നം - 271/2018-19

ബിൽ നം.25/19 തി21.11.2018

ഫണ്ട് - വികസന ഫണ്ട് ,ചെലവ് - ₹ 70,000/-

അക്ഷര ലക്ഷം തുടർ സാക്ഷരത പദ്ധതിയുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി തുല്യതാ കോഴ്സ് ഫീസായി ₹ 70,000/- രൂപ (A/C NO.02880110044599) ഡയറക്ടർ, സംസ്ഥാന സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിന്റെ മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖ ഹാജരാക്കുന്നവരെ 70,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 അങ്കണവാടി കേട്ടിട നിർമ്മാണം- പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.17/19 –അങ്കണവാടി കേട്ടിട നിർമ്മാണം
(ബ്ലോക്ക് വിഹിതം)

ബിൽ നം.21800703/19/ തി.29.3.2019 – 8,51,640/-

അങ്ങണവാടി കേട്ടിട നിർമ്മാണം- ഈ പദ്ധതിക്കായി കേരള സംസ്ഥാന PWD കാസറഗോഡ്

സെക്ഷനിൽ 8,51,640/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നം.( 844300108PW) മേൽ പദ്ധതി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സെക്രട്ടറിയും, Execicutive എഞ്ചിനീയർ കേരള സംസ്ഥാന PWD കാസറഗോഡ് തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഓഡിറ്റ് Requisition നമ്പർ 03/20.12.2019 പ്രകാരം, പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 8,51,640/ രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-31 പഞ്ചായത്തിൻ വാഹനം വാങ്ങൽ- അപാകതകൾ

പദ്ധതി നം.65/2019

പഞ്ചായത്തിന് വാഹനം വാങ്ങൽ

ചെലവ് : 10,48,189/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് പുതിയ വാഹനം വാങ്ങുന്നതിനെ 10 ലക്ഷം രൂപയുടെ (തനത് ഫണ്ട്) പ്രോജക്റ്റിന് ഡി.പി.സി അംഗീകാരം ലഭിച്ചു. പഞ്ചായത്തിന്റെ ആവശ്യത്തിനുള്ള വാഹനം Gem വഴി സിലക്റ്റ് ചെയ്തു. ടി വാഹനം Force Motors Limited എന്ന കമ്പനിയുടെ GURKA FM 2.6 CR, 4*4*4* EOV Hard Top, 2750mm,WB,BS-IV ACPS,8+D (FORCE GURKA) ആകുന്നു. ടി വാഹനത്തിന്റെ GEM ലെ അടിസ്ഥാന വില 6,93,536/- രൂപയും, കേരളത്തിൽ കണ്ണൂരുള്ള ഷോറൂമിൽ എത്തിക്കാനുള്ള റോഡ് ടാക്സ്, രജിസ്ട്രേഷൻ, ഇൻഷുറൻസ് എന്നിവയ്ക്കുള്ള ചെലവ് 14,700/- രൂപയുമാണ്. ടി വാഹനത്തിന്റെ GST 1,98,306/-രൂപയും , സെസ്സ് 1,41,617/- രൂപയും ഉൾപ്പെടെ വാഹനം വാങ്ങുന്നതിന് ആകെ ചെലവഴിച്ച തുക 10,48,189/- രൂപയാണ്. 05.12.2018 തിയതിയിലെ 003180014480 ഇൻവോയ്സ് പ്രകാരം Force Motors Limited എന്ന കമ്പനിയുടെ 00070110000103 അക്കൗണ്ടിലാണ് തുക കൈമാറിയത്. നിലവിലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ)2528/2012 തസ്വഭവ തിയതി.06.09.2012 പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ മാത്രമേ ചിലവഴിക്കാൻ അനുമതിയുള്ളൂ. ആയതിനാൽ അധികമായി തനത് ഫണ്ടിൽ നിന്നു 01.12.2018 ന് നടന്ന സാധാരണ യോഗത്തിലെ 40/6(1,2) നമ്പർ തീർമാനം പ്രകാരം ചിലവഴിച്ച 48,189/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല .

# 1-32 TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായ വി.ഇ.ഒ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലല്ല. 12.04.2006 ലെ ജി.ഒ(പി) നം. 177/2006/ധന ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ്-ചെലവ് വിവരം രേഖപ്പെടുത്തേണ്ടത് TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്കിലാണ്. സർക്കാർ നിർദ്ദേശം പാലിച്ച് നിർദ്ദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-33 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ |
| പ്രൊജക്ട് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| പ്രൊജക്ട് നമ്പർ | 15/18-19 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ തുക | 3,70,500 |
| ചെലവ് തുക | 3,70,500 (ബിൽ നമ്പർ34/18-19 തിയ്യതി.11-03-2019 |

പഞ്ചായത്തിലെ 60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടി കട്ടിൽ നൽകലാണ് പദ്ധതി കൊണ്ട് ലക്ഷ്യമിട്ടത്. പ്രൊജക്ട് നിർദ്ദേശത്തിലെ ക്രമനമ്പർ 42 പ്രകാരം ക്വട്ടേഷനോ ടെണ്ടറോ കൂടാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്ന രീതിയാണ് ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കുമ്പോൾ, ടെണ്ടർ പ്രകാരമാണ് പദ്ധതി നടപ്പിലാക്കിട്ടുള്ളത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും കട്ടിൽ വാങ്ങണം എന്ന പ്രൊജക്ടിലെ നിർദ്ദശങ്ങളിൽ നിന്നും വ്യതിചലിച്ച് ടെണ്ടർ പ്രകാരം , എൻ എം ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങിയതിനുള്ള ( ഓഡിറ്റ് എൻക്വയറി നമ്പർ 03/2018-19 തിയ്യതി 19-12-2019) കാരണം ഓഡിറ്റിന് വിശദീകരിച്ചിട്ടില്ല. 07/09/2018 -ന് ചേർന്ന പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ യോഗത്തിൽ, വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങളേയും ഉൾപ്പെടുത്തി കട്ടിൽ സാമ്പിൾ പരിശോധിക്കുന്നതിന് തീരമാനിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പിന്നീട് ചേർന്ന യോഗങ്ങളിൽ കട്ടിൽ സാമ്പിൾ പരിശോധിച്ചതായോ, കട്ടിലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതായോ രേഖപ്പെടുത്തിട്ടില്ല.

## 1-34 കറവപ്പശു വളർത്തൽ പദ്ധതി (വനിത) കരാർപ്പത്രം പൂർണ്ണമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്റിനറി സർജ്ജൻ |
| പ്രൊജക്ട് നമ്പർ | : 90 / 18-19 |
| പ്രൊജക്ട് | : കറവപ്പശു വളർത്തൽ പദ്ധതി (വനിത) |
| ഫണ്ട് ഇനം | : വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ തുക | : 6,57,300 രൂപ |
| ചെലവ് തുക | : 5,25,000 രൂപ |
| ബിൽ നമ്പർ | : 2/18-19 തിയ്യതി .21-11-2018 |

പഞ്ചായത്തിലെ കന്നുകാലികളുടെ എണ്ണവും പാലുൽപാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വനിതകൾക്ക് കറവപ്പശു വളർത്തൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . 50% സബ്സിഡി ഇനത്തിൽ ഒരു പശുവിന് 25,000 രൂപ വീതം 21 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിട്ടുണ്ട്. 14-02-2018 ലെ ജി.ഒ.(എം.എസ്) 22/2018 ത സ്വ ഭ വ ഉത്തരവ് , സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6 -2 (1) പ്രകാരം ഉരുക്കളെ 3 വർഷം വരെ വളർത്താമെന്ന് ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെക്കേണ്ടതാണ് . എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുമായി ഉണ്ടാക്കിയ കരാറിൽ , 3 വർഷം എന്ന നിബന്ധന പരാമർശിച്ചിട്ടില്ല . മേൽ സർക്കാർ ഉത്തരവ് നിർദ്ദേശിക്കുന്ന തരത്തിലുള്ള കരാറിൽ ഏർപ്പെടാത്തതിനാൽ ബിൽ പ്രകാരം ചെലവ് ചെയ്ത 5,25,000 രൂപ തടസ്സപ്പെടുത്തുന്നു.

# 1-35 ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി പ്രൊ.നം.146/19 ജനറൽ 70,79,900/-രൂപയും 249/19 ജനറൽ 61,40,000 രൂപയും 255/19 പട്ടിക വർഗ്ഗം 59,70,000/- രൂപയും 256/19 പട്ടിക വർഗ്ഗം 57,60,000/- രൂപയും അടക്കം 2018-19 വർഷം 2,49,49,900/- ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഭവന നിർമ്മാണമാരംഭിച്ച ജനറൽ 18 പേർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽ 54 പേർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതും, നിർമ്മാണ പൂർത്തീകരണ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (യൂണിറ്റ് നിരക്ക് ജനറൽ 4,00,000/-, പട്ടിക വർഗ്ഗം 6,00000/-)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ബിന്ദു | 3,60,000 |
| 2 | ചൈത്ര | 3,60,000 |
| 3 | സുമതി | 2,00000 |
| 4 | ശാന്ത | 2,00000 |
| 5 | ശാഹിന | 2,00000 |
| 6 | ഷീബ | 3,60,000 |
| 7 | ത്രേസിയാമ്മ | 2,60,000 |
| 8 | ഭവാനി | 2,00000 |
| 9 | ഇന്ദിരാവതി | 3,00000 |
| 10 | സുഹ്റാബി എ | 3,00000 |
| 11 | കല്യാണി | 3,00000 |
| 12 | ചന്ദ്രാവതി എി.എസ് | 3,00000 |
| 13 | ഭവാനിയമ്മ | 3,10,000 |

| | | |
|---|---|---|
| 14 | ബിഫാത്തിമ | 3,00000 |
| 15 | ജിഷാജോർജ്ജ് | 3,00000 |
| 16 | ശാന്ത | 40,000 |
| 17 | ജേലി ബാബു | 3,00000 |
| 18 | വനിതാ ഗണേഷ് | 2,00000 |
| 19 | സുമതി | 3,10,000 |
| 20 | ചിരുത | 2,10,000 |
| 21 | ശ്രീലത | 2,10,000 |
| 22 | കമല | 2,10,000 |
| 23 | കരുണാകര | 2,10,000 |
| 24 | മതിയ | 2,10,000 |
| 25 | വെള്ളച്ചി | 2,10,000 |
| 26 | കല്യാണി | 2,10,000 |
| 27 | സിന്ധു | 2,10,000 |
| 28 | സുശീല | 2,10,000 |
| 29 | ഓമന ജാനു | 2,10,000 |
| 30 | ജാനു ശാലിനി | 2,10,000 |
| 31 | ശാലിനി | 2,10,000 |
| 32 | അമ്മാളു | 3,10,000 |
| 33 | സരോജിനി | 2,10,000 |
| 34 | മീനാക്ഷി | 2,10,000 |
| 35 | ശാന്ത | 2,10,000 |
| 36 | നാരായണി | 2,10,000 |
| 37 | വെള്ളച്ചി | 2,10,000 |
| 38 | അഞ്ജലി | 2,10,000 |
| 39 | ജാനകി | 2,10,000 |
| 40 | ശ്രീലത | 2,10,000 |
| 41 | സാവിത്രി | 2,10,000 |
| 42 | ജാനു | 2,10,000 |
| 43 | ലക്ഷ്മി | 2,10,000 |
| 44 | ചനിയാറു | 2,10,000 |
| 45 | സുമിത്ര | 2,10,000 |
| | | |

| | | |
|---|---|---|
| 46 | രുഗ്മിണി | 2,10,000 |
| 47 | നിഷാ | 2,10,000 |
| 48 | ശകുന്തള | 2,10,000 |
| 49 | മൊടന്തച്ചി | 2,10,000 |
| 50 | ഓമന | 2,10,000 |
| 51 | ജയന്തി | 2,10,000 |
| 52 | സുനീതകുമാരി | 2,10,000 |
| 53 | കമ്മാടത്തി | 2,10,000 |
| 54 | കല്യാണി | 2,10,000 |
| 55 | പുത്രിച്ചി | 4,20,000 |
| 56 | സാവിത്രി | 2,10,000 |
| 57 | സുജാത | 2,10,000 |
| 58 | കമല | 2,10,000 |
| 59 | ഓമന | 2,10,000 |
| 60 | പരമേശ്വരി | 2,10,000 |
| 61 | പത്മിനി | 1,80,000 |
| 62 | ലക്ഷ്മി | 2,10,000 |
| 63 | നാരായണി | 2,10,000 |
| 64 | അശ്വതി | 2,10,000 |
| 65 | മാധവി | 2,10,000 |
| 66 | ബേബി | 2,10,000 |
| 67 | ശ്യാമല | 2,10,000 |
| 68 | കസ്തൂരി | 2,10,000 |
| 69 | പുഷ്പ | 90,000 |
| 70 | രതിക | 90,000 |
| 71 | അമ്പിക | 90,000 |
| 72 | ബിന്ദു | 90,000 |

# 1-36 സ്കൂളുകളിൽ പ്രഭാത ഭക്ഷണത്തിനുള്ള പദ്ധതി-രേഖകൾ സൂക്ഷിക്കുന്നതിലെ പോരായ്മകൾ-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ,ജി എൽ പി എസ് തവനത്ത്

ചെലവ് - 2,19,983രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് വിവരം താഴെ നൽകുന്നു.

| ബിൽ നം/തീയതി | തുക |
|---|---|
| 5/2018-19/24-7-2018 | 33,940 |
| 6/2018-19/11-9-2018 | 33,031 |
| 7/2018-19/11-10-2018 | 22,843 |
| 10/2018-19/22-10-2018 | 36,792 |
| 11/2018-19/1-11-2018 | 35,858 |
| 12/2018-19/19-12-2018 | 33,462 |
| 13/2018-19/23-1-2019 | 24,057 |
| **ആകെ** | **2,19,983** |

കുറ്റിക്കോൽ പഞ്ചായത്തിലെ മാനഡുക്കം,തവനത്ത്,മാണിമൂല എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകകുന്നതിനുള്ള പ്രോജക്റ്റാണിത്. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

(1) പ്രഭാത ഭക്ഷണത്തിന്റെ ഗുണഭോക്താക്കളായ കുട്ടികളുടെ ഹാജർ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(2) ഒരു കുട്ടിക്ക് ഒരു ദിവസത്തെ പ്രഭാത ഭക്ഷണത്തിന്റെ ചെലവ് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിലാൺ ചെലവ് കണക്കാക്കേണ്ടത് .എന്നാൽ ഇത്തരത്തിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(3) സ്കൂളുകളിൽ ഭക്ഷണം പാചകം ചെയ്ത് നൽക്കേണ്ടതാണ്. എന്നാൽ

ജി യു പി എസ് മാനടുക്ക ബ്രഡ്, റൈസ് റൊട്ടി, പോലെയുള്ള ബേക്കറി ഇനങ്ങളും ചിക്കൺ, ചപ്പാത്തി പോലെയുള്ള ഭക്ഷണങ്ങളും പർച്ചേസ് നടത്തി വിതരണം നടത്തിയതായും കാണുന്നു. ഇത് പരമാവധി ഒഴിവാക്കേണ്ടതാണ്. ഭക്ഷണം പാചകം ചെയ്ത് നൽക്കേണ്ടതാണ്.

(4) ഈ പദ്ധതിയുടെ മോണിറ്ററിങ്റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ കാരണങ്ങളാൽ 2,19,983 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 6തിയതി 19-12-2019)

# 1-37 പഠിതാക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം-

**(A) പ്രോജക്റ്റ് നം 231/18 ലാപ്പ്ടോപ്പ് വിതരണം ( എസ് സി വിദ്യാർഥികൾക്ക്)**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ജി എൽ പി എസ് തവനത്ത്

| | |
|---|---|
| ചെലവ് /ഫണ്ട് | 1,49,750 (SCP) |
| ബിൽ നം/തീ | 10/18-19 /22-10-2018 |
| | |

| | |
|---|---|
| ഇൻവോയ്സ് നം/തീയതി | 7145/22-3-2018 |
| സ്ഥാപനം | കെൽട്രോൺ |

മുകളിൽ കാണിച്ചത് പ്രകാരം 5 ലാപ്പ്ടോപ്പ് കെൽട്രോൺ സ്ഥാപനത്തിൽനിന്നും വാങ്ങി 5 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| ക്ര നം. | പേര് |
|---|---|
| 1 | അശ്വതി |
| 2 | അഖിൽ |
| 3 | ഗോപിക |
| 4 | യോകേഷ് |
| 5 | അഞ്ജലി എം ബി |

ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

(എ) അഖിൽ, യോഗേഷ് കെ എസ് എന്ന കുട്ടികളുടെ പഠന സാക്ഷ്യപത്രം 2017-18 വർഷത്തേത് ഓഡിറ്റിനു ഹാജറാക്കിയിട്ടില്ല.

(ബി) ഈ 5 കുട്ടികൾക്കും എസ് സി ക്ഷേമ വകുപ്പിൽനിന്നും ലാപ്പ്ടോപ്പ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

(സി) പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ്, എഞ്ചിനിയരുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ഡി) മോണിറ്ററിങ് കമ്മറ്റി റിപോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ 1,49,750 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 6തിയതി 19-12-2019)

**(B) <u>പ്രോജക്റ്റ് നം 232/18 ലാപ്പ്ടോപ്പ് വിതരണം (എസ് ടി വിദ്യാർഥികൾക്ക്) -</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ,ജി എൽ പി എസ് തവനത്ത്

| | |
|---|---|
| ചെലവ് /ഫണ്ട് | 1,19,800 (TSP) |
| ബിൽ നം/തീ | 03/18-19 /16-05-2018 |
| ഇൻവോയ്സ് നം/തീയതി | 7145/22-3-2018<br>(Same Invoice Pr.No231/18) |
| സ്ഥാപനം | കെൽട്രോൺ |

മുകളിൽ കാണിച്ചത് പ്രകാരം 4 ലാപ്പ്ടോപ്പ് കെൽട്രോൺ സ്ഥാപനത്തിൽനിന്നും വാങ്ങി 4 പേർക്ക് നൽകിയിട്ടുണ്ട്.

| ക്ര നം | പേര് |
|---|---|
| | |

| | |
|---|---|
| 1 | മിനി ബി |
| 2 | വീണ എം |
| 3 | സുഭാഷ് കെ |
| 4 | അമ്ബിളി |

ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

(എ) ഈ 4കുട്ടികൾക്കും പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിൽനിന്നും ലാപ്പ്ടോപ്പ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(ബി) പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ്, എഞ്ചിനിയരുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(സി) മോണിറ്ററിങ് കമ്മറ്റി റിപോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ 1,19,800 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 6തിയതി 19-12-2019)

<u>(C) പ്രോജക്റ്റ് നം 136/19 (എസ് ടി കുട്ടികൾക്ക്)-</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ,ജി എൽ പി എസ് തവനത്ത്

| | |
|---|---|
| ചെലവ് /ഫണ്ട് | 5,82,120 (Dvpt Gen) |
| ബിൽ നം/തീ | 15/18-19/23-01-2019 = 5,54,400<br>16/2018-19/05-02-2019 = 27,720 |
| ഇൻവോയ്സ് നം/തീയതി | OZIFS /1280 dt 30-01- 2019-1No<br>OZIFS/1244 dt 21-01-2019-20No |
| സ്ഥാപനം | One Zero Info Systems Kasaragod |

മുകളിൽ കാണിച്ചത് പ്രകാരം 21 ലാപ്പ്ടോപ്പ് വാങ്ങി 21 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

| ക്ര നം | പേര് | ക്ര നം | പേര് |
|---|---|---|---|
| 1 | പ്രദീപ് പി | 12 | നിമിഷ കെ |
| 2 | സവിത പി | 13 | സൗമ്യ ആർ കെ |
| 3 | സുനിത ജി | 14 | രാധിക കെ ആർ |
| 4 | സുധീഷ് ജി | 15 | ശ്രുത്രാജ് |
| 5 | ഉണ്ണിമായ എൻ | 16 | ഭവ്യരാജ് ആർ |
| 6 | ശരണ്യ ആർ | 17 | അഖില കുമാർ ആർ |
| 7 | മൃദുലാഞ്ചലി | 18 | സുചിത്ര എൻ |
| | | | |

| | | | |
|---|---|---|---|
| 8 | അർചന ആർ | 19 | രജിത ആർ |
| 9 | കാവ്യ മോൾ | 20 | ആതിര കൃഷ്ണൻ |
| 10 | കാവ്യ കെ | 21 | അതുൽരാം |
| 11 | രീന എൻ | | |

ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

(എ) സീരിയൽ നം 21അതുൽരാം ഒഴികെ ബാക്കി 20 കുട്ടികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലാപ്പ്ടോപ്പ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(ബി) പ്രോക്യുർമെന്റ കമ്മിറ്റി മിനുട്ട്സ്, എഞ്ചിനിയരുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(സി) മോണിറ്ററിങ് കമ്മറ്റി റിപോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ 5,82,120 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 6തിയതി 19-12-2019)

## 1-38 TR7Aക്യാഷ് ബുക് സൂക്ഷിച്ചിട്ടില്ല-

2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായ ഹെഡ്മാസ്റ്റർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലല്ല. 12.04.2006 ലെ ജി.ഒ(പി) നം. 177/2006/ധന ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ്-ചെലവ് വിവരം രേഖപ്പെടുത്തേണ്ടത് TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്കിലാണ്. സർക്കാർ നിർദ്ദേശം പാലിച്ച് നിർദ്ദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## 3-1 പഞ്ചായത്തിന് വാഹനം വാങ്ങൽ

<u>പദ്ധതി നം.65/2019</u>

ചെലവ് : 10,48,189/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് പുതിയ വാഹനം വാങ്ങുന്നതിനെ 10 ലക്ഷം രൂപയുടെ (തനത് ഫണ്ട്) പ്രോജക്റ്റിന് ഡി.പി.സി അംഗീകാരം ലഭിച്ചു. പഞ്ചായത്തിന്റെ ആവശ്യത്തിനുള്ള വാഹനം Gem വഴി സിലക്ട് ചെയ്തു.. ടി വാഹനം Force Motors Limited എന്ന കമ്പനിയുടെ GURKA FM 2.6 CR,4*4*4* EOV Hard Top, 2750mm,WB,BS-IV ACPS,8+D (FORCE GURKA) ആകുന്നു. ടി വാഹനത്തിന്റെ GEM ലെ

അടിസ്ഥാന വില 6,93,536/- രൂപയും, കേരളത്തിൽ കണ്ണൂരുള്ള ഷോറൂമിൽ എത്തിക്കാനുള്ള റോഡ് ടാക്സ്, രജിസ്ട്രേഷൻ, ഇൻഷൂറൻസ് എന്നിവയ്ക്കുള്ള ചെലവ് 14,700/- രൂപയുമാണ്. ടി വാഹനത്തിന്റെ GST 1,98,306/-രൂപയും, സെസ്സ് 1,41,617/- രൂപയും ഉൾപ്പെടെ വാഹനം വാങ്ങുന്നതിന് ആകെ ചെലവഴിച്ച തുക 10,48,189/- രൂപയാണ്. 05.12.2018 തിയതിയിലെ 003180014480 ഇൻവോയ്സ് പ്രകാരം Force Motors Limited എന്ന കമ്പനിയുടെ 00070110000103 അക്കൗണ്ടിലാണ് തുക കൈമാറിയത്. നിലവിലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ)2528/2012 തസ്വഭവ തിയതി.06.09.2012 പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ ചിലവഴിക്കാൻ അനുമതിയുള്ളൂ. ആയതിനാൽ അധികമായി തനത് ഫണ്ടിൽനിന്നും 01.12.2018 നടന്ന സാധാരണ യോഗത്തിലെ 40/6(1,2) നമ്പർ തീരുമാനം പ്രകാരം ചിലവഴിച്ച 48,189/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കാസറഗോഡ് | 2018-19 | 200000 | പാലിയേറ്റീവ്കെയർ | 199956 | 44 |
| | 2018-19 | 987185 | ലൈഫ്ഭവനപദ്ധതി-ജനറൽ | 987185 | 0 |
| | 2018-19 | 655556 | ലൈഫ്ഭവനപദ്ധതിഎസ്.ടി | 655556 | 0 |
| | 2018-19 | 500000 | പാലിന് സബ്സിഡി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 2018-19 | 44769 | ലൈഫ്ഭവനപദ്ധതി-ടി.എസ്.പി | 44769 | 0 |
| | 2018-19 | 711457 | ലൈഫ്ഭവനപദ്ധതി-ജനറൽ | 711457 | 0 |
| | 2018-19 | 340000 | നെൽക്കൃഷികൂലിച്ചെലവ് | 340000 | 0 |
| | 2018-19 | 1300000 | പാലിന്സബ്സിഡി | 1300000 | 0 |
| | 2018-19 | 125500 | വൃദ്ധർക്ക്കട്ടിൽ | 125500 | 0 |
| | 2018-19 | 851640 | അങ്കണവാടികൾ നിർമ്മാണം | 851640 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | തുക | ഡെപ്പോസിറ്റ് ചെയ്തസ്ഥാപനം | പ്രോജക്റ്റ്/ ആവശ്യം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2018 | 851640 | പി.ഡബ്ല്യൂ.ഡി | അങ്കണവാടി നിർമ്മാണം | പണി തുടങ്ങിയില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശം | ഉത്തരവ്നം, തിയതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/ തസ്വഭവ, തിയതി18.05.2018 | 1,38,94,241 | 1,38,94,241 | - | - | 1,38,94,241 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ (31.03.2019 ൽ നിലവിലുള്ളവ)

| ക്രമ നം. | സ്ഥിര നിക്ഷേപ നമ്പർ | തുക | ബാങ്ക് |
|---|---|---|---|
| 1 | 1260 | 2,60,070 | കുറ്റിക്കോൽ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം |
| | | | |

| | | | |
|---|---|---|---|
| 2 | 4018 | 2,07,153 | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് |
| 3 | 4019 | 9,71,524 | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് |
| 4 | 4020 | 6,04,724 | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് |
| 5 | 4021 | 6,64,404 | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകൾ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,67,79,293 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,52,20,896 |
| വരവിനങ്ങളിലുള്ള നഷ്ടം | ------ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48,189 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,29,093 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | – | 48,189 | കെ ഭാസ്കരൻ,സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-27 | 25,10,800 | കെ ഭാസ്കരൻ,സെക്രട്ടറി |
| 1-29 | 70,000 | കെ ഭാസ്കരൻ,സെക്രട്ടറി |
| 1-30 | 8,51,640 | കെ ഭാസ്കരൻ,സെക്രട്ടറി |
| 1-34 | 5,25,000 | കെ കെ ബിജു , വെറ്റിനറി സർജൻ |
| 1-36 | 2,19,983 | ഷൗജത്ത് വി പി,ഹെഡ്മാസ്റ്റർ,ജി എൽ പി എസ് തവനത്ത് (37,053രൂപ) ജോർജ് കുട്ടി ജോസഫ്,ഹെഡ്മാസ്റ്റർ,ജി എൽ പി എസ് തവനത്ത് (1,82,930) |
| 1-37(A) | 1,49,750 | ജോർജ് കുട്ടി ജോസഫ്, ഹെഡ്മാസ്റ്റർ, ജി എൽ പി എസ് തവനത്ത് |
| 1-37(B) | 1,19,800 | ജോർജ് കുട്ടി ജോസഫ്, ഹെഡ്മാസ്റ്റർ, ജി എൽ പി എസ് തവനത്ത് |
| 1-37(C) | 5,82,120 | ജോർജ് കുട്ടി ജോസഫ്, ഹെഡ്മാസ്റ്റർ, ജി എൽ പി എസ് തവനത്ത് |
| **ആകെ** | **50,29,093** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-19 | 63,730.78 (ജി.എസ്.ടി) |
| 1-19 | 47,378.64 (ആദായ നികുതി) |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-19 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ ഭാസ്കരൻ, സെക്രട്ടറി | കെ ഭാസ്കരൻ, സെക്രട്ടറി, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | കെ ഭാസ്കരൻ, S/O മുത്തു നായർ, ചെല്ലഞ്ഞി ഹൗസ്, പെരുമ്പള, കാസറഗോഡ്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | LF/KSD.4/1011/08 തിയതി 29.08.2008 | 5 |
| 2001-02(പ്ലാൻ) | LF/KSD.4/1012/08 തിയതി 29.08.2008 | 3 |
| 2001-02(ഫൈനൽ) | LF/KSD.4/544/09 തിയതി 04.05.2009 | 2 |
| 2002-03 | LF/KSD.4/543/09 തിയതി 04.05.2010 | 8 |
| 2003-04 | LF/KSD.3/640/10 തിയതി 04.10.2011 | 2 |
| 2004-05 | LF/KSD.3/641/10 തിയതി 18.08.2011 | 5 |
| 2005-06 | LF/KSD.3/642/10 തിയതി 28.09.2011 | 4 |
| 2006-07 | LF/KSD.3/649/11തിയതി 13.12.2011 | 4 |
| 2007-08 | LF/KSD.3/687/11 തിയതി 13.12.2011 | 3 |
| 2008-09 & 2009-10 | LF/KSD.4/949/12 തിയതി 14.08.2013 | 14 |
| 2010-11 & 2011-12 | LF/KSD.6/734/13 തിയതി 05.06.2014 | 20 |
| 2012-13 & 2013-14 | LF/KSD.7/38/15 തിയതി 14-05-2015 | 9 |
| 2014-15 | KSA/KSD.7-272/2016, തിയതി 15.03.2016 | 17 |
| 2015-16 | KSA/KSD.7-48/2017, തിയതി 19.01.2017 | 17 |
| 2016-17 | KSA/KSD.7-980/2017, തിയതി 08.08.2017 | 21 |
| 2017-18 | KSA/KSD.7-235/2019 തിയതി 15-03-2019 | 16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ/കെ.എസ്.ഡി.7/137/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123
ഫോൺ: 0499 4256690.

ഇ-മെയിൽ-doksd.ksad@kerala.gov.in

തീയ്യതി: 13-02-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(12) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kuttikkol Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 21010086.89 |
| Cash | Cash | RP-40(a) | 90974.00 |

| | | | |
|---|---|---|---|
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 859230.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 299435.00 |
| 150000000 | Sale & Hire Charges | RP-5 | 228021.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 67496822.00 |
| 171000000 | Interest Earned | RP-9 | 723364.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9975344.00 |
| 350000000 | Other Liabilities | RP-36 | 127765.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 45.00 |
| 311000000 | Earmarked Funds | RP-29 | 117250.00 |
| 330000000 | Secured Loans | RP-32 | 13894241.00 |
| 340000000 | Deposits Received | RP-34 | 345160.00 |
| 350000000 | Other Liabilities | RP-36 | 190653.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 21215122.00 |
| 440000000 | Pre-paid Expenses | RP-45 | 160000.00 |
| 460000000 | Loans, Advances and Deposits | RP-47 | 45781.00 |
| | **Grand total** | | **136779293.89** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3432933.00 |
| 220000000 | Administrative Expenses | RP-12 | 1218795.00 |
| 230000000 | Operations & Maintenance | RP-13 | 786898.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7463499.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27086754.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 213358.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 846207.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 284492.00 |
| 255000000 | Maintenance Projects | RP-20 | 9748981.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -4185.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 170970.00 |
| 350000000 | Other Liabilities | RP-36 | 6431649.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1386.00 |
| 280000000 | Prior Period Item | RP-26 | -14670.00 |
| 340000000 | Deposits Received | RP-34 | 192489.00 |
| 350000000 | Other Liabilities | RP-36 | 1528826.00 |
| 410000000 | Fixed Assets | RP-38 | 5325858.00 |
| 412000000 | Capital work in Progress | RP-40 | 12430612.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 16525208.00 |
| 460000000 | Loans, Advances and Deposits | RP-47 | 1050836.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 41037083.89 |
| Cash | Cash | RP-40(b) | 521314.00 |
| | **Grand Total** | | **136779293.89** |

# അനുബന്ധം-3 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kuttikkol Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4215437.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 758112.00 |
| 140000000 | Fee & User Charges | I-4(b) | 454385.00 |
| 150000000 | Sale & Hire Charges | I-5(b) | 228021.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 146700304.00 |
| 170000000 | Income from Investments | I-7 | 202699.00 |
| 171000000 | Interest Earned | I-8 | 723364.00 |
| 180000000 | Other Income | I-9 | 45.00 |
| | **Total Income** | | **153282367.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10131517.00 |
| 220000000 | Administrative Expenses | I-11(b) | 1223816.00 |
| 230000000 | Operations & Maintenance | I-12(b) | 750898.00 |
| 240000000 | Interest & Finance Charges | I-13 | 1386.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8704394.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 71483357.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1815494.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1001406.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43484192.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 9748981.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| | **Total Expenditure** | | **148845441.00** |
| | **Gross Surplus/ Deficit of income over Expenditure** | | **4436926.00** |
| 280000000 | Prior Period Item | I-18 | 275559.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **4161367.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| Kuttikkol Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 14476755.54 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 57324012.00 |
| | **Total Reserve & Surplus** | | **71800767.54** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20530910.00 |
| | **Total Grants, Contributions for Specific Purposes** | | **20530910.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 13894241.00 |
| | **Total Loans** | | **13894241.00** |
| | | | |

| | | | |
|---|---|---|---|
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 477474.00 |
| 350000000 | Other Liabilities | B-9 | 1491643.45 |
| | **Total Current Liabilities and Provisions** | | **1969117.45** |
| | TOTAL LIABILITIES | | **108195035.99** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 77447175.00 |
| 411000000 | Accumulated Depreciation | B-11 | -28843013.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **48604162.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 2526113.00 |
| | **Total Investments** | | **2526113.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1056327.10 |
| 440000000 | Pre-paid Expenses | B-16 | 13894241.00 |
| 450000000 | Cash and Bank Balance | B-17 | 41558397.89 |
| 460000000 | Loans, Advances and Deposits | B-18 | 555795.00 |
| | **Total Current Assets, Loans and Advances** | | **57064760.99** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **108195035.99** |